# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ
(ഹാജർ : ശ്രീമതി റ്റി.വി അനുപമ.ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, ഐ.സി.പി.എസ് - കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് - കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നിയോഗിച്ച എഡ്യൂക്കേറ്ററുടെ ഹോണറേറിയം തുക അനുവദിച്ചു ഉത്തരവാകുന്നു.

പരാമർശം : (1) ഈ കാര്യാലയത്തിൽ നിന്നുള്ള 13/10/2020-ലെ ഇതേ നമ്പർ ഉത്തരവ്.
(2) കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന്റെ 23/03/2021-ലെ കത്ത് നമ്പർ GCHBTLY/118/20/21.
(3) ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് സൂപ്രണ്ടിന്റെ 08/03/2021-ലെ കത്ത് നമ്പർ GCHA/42/2020.

## ഉത്തരവ് നമ്പർ : ICPS 2/1689/2020 തീയതി : 25/03/2021

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2020-21 സാമ്പത്തിക വർഷം 16 ചിൽഡ്രൻസ് ഹോമുകളിലെ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം പരമാവധി 10,000/-രൂപ ഹോണറേറിയം നിരക്കിൽ 2020 ആഗസ്റ്റ് മുതൽ 2020 ഡിസംബർ വരെ 5 മാസത്തേയ്ക്ക് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 16 ചിൽഡ്രൻസ് ഹോമുകൾക്ക് ആവശ്യമായി വരുന്ന തുകയായ 8,00,000/-രൂപ ഈ കാര്യാലായത്തിൽ നിന്നുള്ള പരാമർശം ഒന്ന് ഉത്തരവ് പ്രകാരം ഐ.സി.പി.എസ് ശീർഷകമായ 2235-02-102-36 (P) 02-യിൽ നിന്നും അഡ്വാൻസായി അനുവദിച്ചിരുന്നു.

കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് എന്നീ സ്ഥാപനങ്ങൾ ചുവടെ ചേർക്കും പ്രകാരം തുക അനുവദിക്കണമെന്ന് പരാമർശം രണ്ടും മൂന്നും പ്രകാരം സ്ഥാപന സൂപ്രണ്ടുമാർ അപേക്ഷിച്ചിരിക്കുന്നു. തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | സ്ഥാപനത്തിന്റെ പേര് | ആവശ്യപ്പെട്ട തുക | അനുവദിക്കാവുന്ന തുക |
|---|---|---|---|
| 1 | കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് | 11,000/-രൂപ (2021 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ) | 11,000- രൂപ |
| 2 | ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് | 7,000/-രൂപ (2021 ഫെബ്രുവരി) | 7,000/- രൂപ |
| | | ആകെ തുക | 18,000/- രൂപ |
| | | | (പതിനെട്ടായിരം രൂപ മാത്രം) |

ടി സാഹചര്യത്തിൽ സൂപ്രണ്ടുമാർ സമർപ്പിച്ച അപേക്ഷകരം പരിഗണിച്ച് കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് എന്നീ സ്ഥാപനങ്ങളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി നിയോഗിച്ച എഡ്യൂക്കേറ്ററുടെ ഹോണറേറിയം തുകയായ (മേൽപട്ടിക പ്രകാരം) 18,000/-രൂപ (പതിനെട്ടായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു

ടി തുക (18,000/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-36 (P) 02-യിൽ നിന്നും അതാത് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ടി തുക അതാത് സ്ഥാപന സൂപ്രണ്ടുമാർക്ക് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ട് പ്രസ്തുത തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപ്പറ്റ് രസീത് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

ഡയറക്ടർ
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

- ജില്ലാ വനിതാ ശിശു വികസന ഓഫീസർ
  കണ്ണൂർ

- ജില്ലാ വനിതാ ശിശു വികസന ഓഫീസർ
  ആലപ്പുഴ

പകർപ്പ്

1) സൂപ്രണ്ട്, ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്
   തലശ്ശേരി, കണ്ണൂർ
2) സൂപ്രണ്ട്, ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്
   മായിത്തറ, ആലപ്പുഴ
3) സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ
   (അലോട്ട്മെൻറ് നൽകുന്നതിനു വേണ്ടി)
4) ഐ.സി.പി.എസ്-4
5) സ്റ്റോക്ക് ഫയൽ
6) സ്പെയർ കോപ്പി
7) വെബ് സൈറ്റ്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT DEPARTMENT

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്